# പത്രക്കുറിപ്പ്

ഇൻറർനാഷണൽ ബാക്കലോറിയേറ്റ്(ഐബി) മഹാത്മാ ഗാന്ധി സർവകലാശാല 2007 മുതൽ അംഗീകരിച്ചിട്ടുള്ള പരീക്ഷകളുടെ പട്ടികയിൽ ഉൾപ്പെട്ടതാണ്. സർവകലാശാല 2007ൽ പ്രസിദ്ധീകരിച്ച അംഗീകൃത ബിരുദങ്ങളുടെയും പരീക്ഷകളുടെയും പട്ടികയിൽ ഐബിയും (പ്രീ-ഡിഗ്രി) ഉണ്ട്. ഇക്കാലയളവിൽ ഡിപ്ലോമയ്ക്കും പ്രീ ഡിഗ്രിക്കും പ്രത്യേക യോഗ്യതാ ചട്ടങ്ങളാണ് ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസുകൾ നിഷ്കർഷിച്ചിരുന്നത്.

2017നു ശേഷം ഓൺലൈനിൽ ശരിയായ രീതിയിൽ അപേക്ഷ സമർപ്പിച്ച ഐബി യോഗ്യതയുള്ളവർക്ക് തുടർ പഠനത്തിന് ആവശ്യമായ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് സർവകലാശാല നൽകിയിട്ടുണ്ട്. ഇക്കാലയളവിനു മുൻപു നൽകിയ സർട്ടിഫിക്കറ്റുകളുടെ പൂർണ വിവരങ്ങൾ പരിശോധിച്ചുവരികയാണ്.

ശ്രീ. സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ മകൾ 2016-17 അധ്യയന വർഷത്തിൽ ചങ്ങനാശേരി അസംപ്ഷൻ കോളേജിൽ ബി.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പ്രോഗ്രാമിലാണ് പ്രവേശനമെടുത്തിരുന്നത്. സ്വയംഭരണ കോളേജുകളിലെ പ്രവേശന നടപടികൾ പൂർണ്ണമായും കോളേജാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ പ്രവേശന സംബന്ധമായ വിവരങ്ങൾ പ്രവേശനം പൂർത്തിയായതിനു ശേഷം 30 ദിവസങ്ങൾക്കുള്ളിൽ കോളജ് സർവകലാശാലയിൽ സമർപ്പിക്കണമെന്നാണ് ചട്ടം.

എന്നാൽ പ്രസ്തുത വിദ്യാർഥിനി 2016 ജൂലൈ എട്ടിനാണ് 534508 എന്ന ചെലാൻ പ്രകാരം ഫീസ് അടച്ച് കോളജിൽ സമർപ്പിക്കുന്നതിനുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റിനായി സർവകലാശാലയിൽ അപേക്ഷ സമർപ്പിച്ചത്. അപേക്ഷയിൽ തുടർ നടപടി സ്വീകരിച്ച് 2016 ഒക്ടോബർ അഞ്ചിന് സർവകലാശാല അപേക്ഷകയ്ക്ക് അറിയിപ്പ് നൽകിയിരുന്നു. പഠനമാരംഭിച്ച് ഒരു വർഷത്തിനു ശേഷമാണ് സർവകലാശാല മറുപടി നൽകിയതെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. എങ്കിലും ഇതുമായി ബന്ധപ്പെട്ട് സർവകലാശാലയുടെ ഭാഗത്തുനിന്നും എന്തെങ്കിലും ന്യൂനതകൾ സംഭവിച്ചിട്ടുണ്ടോ എന്ന് വിശദമായി അന്വേഷിച്ചുവരികയാണ്.

വസ്തുതകൾ പരിശോധിക്കാതെ സർവകലാശാലയെയും ജീവനക്കാരെയും ആക്ഷേപിക്കുന്ന രീതിയിൽ ശ്രീ.സന്തോഷ് ജോർജ് കുളങ്ങര നടത്തിയ പ്രസ്താവന ദൗർഭാഗ്യകരമാണ്.

**പ്രഫ.(ഡോ.) കെ. ജയചന്ദ്രൻ**

രജിസ്ട്രാർ(I/c)
മഹാത്മാ ഗാന്ധി സർവകലാശാല